പാഡി ബോർഡിന്റെ ഘടനയും ബോർഡിന്റെ ഉത്തരവാദിത്വവും അനുബന്ധങ്ങൾ ഒന്നും രണ്ടുമായി ചേർത്തിരിക്കുന്നു.

(സി) ബോർഡിന് പ്രത്യേകമായ ഒരു ആസ്ഥാനം നിശ്ചയിച്ചിട്ടില്ല. വ്യത്യസ്ത കേന്ദ്രങ്ങളിൽ വച്ച് ബോർഡിന്റെ യോഗം ചേരുന്നുണ്ട്.

(ഡി) ബാധകമല്ല.

നെൽകൃഷി ആദായകരമായി നടത്തുന്നതിന് നടപടി

225 (4300) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ നെൽകൃഷി ആദായകരമായി നടത്തുന്നതിന് നെൽകർഷകർക്ക് എന്തൊക്കെ ആനുകൂല്യങ്ങൾ ലഭ്യമാക്കണമെന്ന നിർദ്ദേശങ്ങളാണ് ഇപ്പോൾ പരിഗണനയിലുള്ളതെന്ന് വ്യക്തമാക്കാമോ ;

(ബി) ഇതു സംബന്ധിച്ച ശാസ്ത്രീയ പഠനം നടത്തിയ പാഡിമിഷൻ എന്തൊക്കെ ശുപാർശകളാണ് സമർപ്പിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ;

(സി) നെല്ലിന്റെ വില കിലോഗ്രാമിന് ഏറ്റവും കുറഞ്ഞത് എത്ര രൂപ ലഭ്യമാക്കണമെന്നാണ് ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലുള്ളതെന്ന് വ്യക്തമാക്കുമോ ;

(ഡി) ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കാൻ മേന്മയുള്ള വിത്ത്, ശാസ്ത്രീയ കൃഷി രീതികൾ എന്നിവ നെൽകർഷകർക്ക് ലഭ്യമാകുന്നതു സംബന്ധിച്ച എന്തൊക്കെ നിർദ്ദേശങ്ങളാണ് അടിയന്തര പരിഗണനയിലുള്ളതെന്ന് വ്യക്തമാക്കാമോ ;

(ഇ) ഇക്കാര്യത്തിൽ അനുകൂല നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ആധുനിക കാർഷിക യന്ത്രങ്ങൾ നെൽകൃഷി മേഖലയിൽ വിനിയോഗിക്കുന്നതു വഴി കൃഷിച്ചെലവ് പരമാവധി കുറയ്ക്കുന്നതിനും നെൽകൃഷി ആദായകരമാക്കുന്നതിനും കഴിയും. ഇതുകൂടാതെ നെൽകൃഷി ആദായകരമാക്കുന്നതിന് താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു.

1. കളനിയന്ത്രണ പദ്ധതി.
2. സംയോജിത വളപ്രയോഗ പദ്ധതി
3. വിള ഇൻഷ്വറൻസ് പദ്ധതി

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

4. നെല്ല് സംഭരണം

5. ഭൂരപരിധിയില്ലാതെയുള്ള സൗജന്യ വൈദ്യുതി

6. സബ്സിഡി നിരക്കിലുള്ള നെൽവിത്തു വിതരണം

7. പരിശരഹിത വായ്പ

8. ഉല്പാദന ബോണസ് ഉൾപ്പെടെ വിവിധ സാമ്പത്തിക സഹായങ്ങൾ

(ബി) പാഡി മിഷൻ വിവിധ നെല്ലുല്പാദന പദ്ധതികൾ ഏകോപിപ്പിക്കുകയും ആവശ്യമായ പ്രോജക്ടുകൾ തയ്യാറാക്കുകയുമാണ് ചെയ്യുന്നത്.

(സി) ഇപ്പോൾ നെല്ലിന്റെ താങ്ങുവില കിലോഗ്രാമിന് 12 രൂപയാണ്. ഈ തുക വർദ്ധിപ്പിക്കുന്ന കാര്യം ഗവൺമെന്റിന്റെ പരിഗണനയിലാണ്.

(ഡി&ഇ) ഗുണമേന്മയുള്ള നെൽവിത്ത് ഉല്പാദിപ്പിച്ച് യഥാസമയം ലഭ്യമാക്കുന്നതിന് സംസ്ഥാന സീഡ് അതോറിറ്റിയ്ക്ക് വ്യക്തമായ നിർദ്ദേശം നൽകിയിട്ടുണ്ട്. ഗുണമേന്മയുള്ള വിത്ത് ഉല്പാദിപ്പിക്കുന്നതിനും ശാസ്ത്രീയ കൃഷിരീതികൾ നടപ്പിലാക്കുന്നതിനും കർഷകർക്ക് പരിശീലനം നൽകുക, കർഷക പങ്കാളിത്തത്തോടെ പ്രദർശനത്തോട്ടങ്ങൾ സജ്ജീകരിക്കുക, കാർഷിക യന്ത്രങ്ങൾ പ്രവർത്തിപ്പിക്കുന്നതിനും അവയുടെ പരിപാലനത്തിനുമായി വേണ്ടത്ര ഗ്രൂപ്പുകൾക്ക് രൂപം നൽകുക, സംയോജിത വളപ്രയോഗം, സംയോജിത കീടനിയന്ത്രണം എന്നിവ ഗ്രൂപ്പടിസ്ഥാനത്തിൽ അവലംബിക്കുക, ഒറ്റഞാർ കൃഷി സമ്പ്രദായം പരമാവധി പ്രയോജനപ്പെടുത്തുക എന്നിവയാണ് പരിഗണനയിലുള്ളത്.

കരനെൽകൃഷി

226 (4303) ശ്രീ. യു. സി. രാമൻ :

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആയിരം ഹെക്ടറിൽ കരനെൽക്കൃഷി വ്യാപിപ്പിക്കുവാൻ ആസൂത്രണം ചെയ്തിട്ടുള്ള പദ്ധതിയുടെ വിശദാംശം വെളിപ്പെടുത്തുമോ ;

(ബി) സംസ്ഥാനത്തെ ഏതൊക്കെ പഞ്ചായത്തുകളിലാണ് ഈ പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത് ;

(സി) ഇതിനാവശ്യമായ വിത്തു ശേഖരിച്ച് വിതരണം നടത്തിയിട്ടുണ്ടോ ?

ഉത്തരം

(എ&ബി) 2009-10 സാമ്പത്തിക വർഷത്തെ സംസ്ഥാന ഭക്ഷ്യ സുരക്ഷാ പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് കരനെൽക്കൃഷി പദ്ധതിക്ക് തുടക്കം കുറിച്ചത്. ടി കൃഷിക്കാവശ്യമായ വിത്ത് സൗജന്യമായും മറ്റ് ഉത്പാദന ഉപാധികൾ സബ്സിഡി നിരക്കിലും ലഭ്യമാക്കുന്നതിനായി ഹെക്ടറിന്

LIBRARY ARCHIVES Kerala Legislative Assembly